Registered No. M-4485.

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വാള്യം III] 1943 സപ്തെമ്പർ 10-ാംനു വെള്ളിയാഴ്ച [ലക്കം 2



മി. ചർച്ചിൽ

## മനോസാമ്രാജ്യമാണ് മഹത്തായിട്ടുള്ളത്

*

അത്‌ലാന്തിക്ക് സമുദ്രത്തിന്റെ ഇരുവശത്തും താമസിക്കുന്നതും ഇംഗ്ലീഷു ഭാഷ സംസാരിക്കുന്നതുമായ രണ്ടു സമുദായങ്ങൾക്കും ന്യായാന്യായവും, ധർമ്മാധർമ്മവും, വേണ്ടപോലെ വിവേചനം ചെയ്വാനുള്ള ശക്തി ഒരു പ്രത്യേക സ്വഭാവമാണ്. ഞങ്ങൾ മററു സമുദായക്കാരോടു, സമുദായവ്യക്തികളുടെ നിലക്ക്, ശണ്ഠക്കു പോകാറില്ല. ഏതൊരു തരത്തിലുള്ള മുഷ്കും ഞങ്ങൾക്കു സഹിപ്പാൻ വയ്യ. എവിടെ മുഷ്ക് കാണുന്നുവോ അവിടെ ഞങ്ങൾ ചാടി വീഴുവാൻ എപ്പോഴും തെയ്യാറായിരിക്കും. ഈ കാര്യങ്ങളിലെല്ലാം, ഇന്ന് യുദ്ധത്തിലെന്നപോലെ, ഞങ്ങൾ ഏററവും സഹോദരഭാവത്തോടു കൂടിയാണ് വർത്തിക്കുന്നത്. മനുഷ്യന്റെ യോഗ്യതയേയും അവകാശങ്ങളേയും നിലനിർത്തുന്ന കർമ്മങ്ങളിലാണ് ഞങ്ങളുടെ ആസക്തി. ഉദ്ദേശത്തിലും അനുഭവങ്ങളിലും ഈവിധം ഏകീകരിച്ചു നമുക്കു ഒന്നിച്ചു യാത്ര ചെയ്യാം. ആരോടും വിദ്വേഷമില്ലാതെയും, സർവ്വർക്കും മംഗളം ആശംസിച്ചും നമുക്കു ജീവിക്കാം. ഇങ്ങിനെയുള്ള ജീവിതത്തിന്നാണ് മനോസാമ്രാജ്യം സ്ഥാപിക്കുവാൻ സാധിക്കുക. അങ്ങിനെയുള്ള സാമ്രാജ്യം മർദ്ദനംകൊണ്ടു സ്ഥാപിക്കപ്പെടുന്ന സാമ്രാജ്യങ്ങളെക്കാൾ എത്രയോ മേലെയാണ്.

—സപ്തെമ്പർ 6-ാം തിയ്യതി മി. ചർച്ചിൽ ഹാർവാഡ് സർവ്വകലാശാലയിൽ ചെയ്ത പ്രസംഗത്തിൽനിന്ന്

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| മനോസാമ്രാജ്യമാണ് മഹത്തായിട്ടുള്ളത് .. .. | 1 | ഐക്യകക്ഷികളുടെ പ്രഹരത്തിന്റെ ചൂട് മുഴവൻ ഇന്ത്യയിൽ നിന്നാണുണ്ടാകുന്നത്. | 7 |
| വെറും നുണയാണേ! വിശ്വസിക്കരുതെ! .. .. | 2 | കാർട്ടൂൺ .. .. .. .. .. | 8 |
| സംക്ഷിപ്ത വാർത്താ വിവരണം .. .. .. | 3-7 | ജർമ്മനിയിലെ സ്ഥിതി .. .. .. .. | 9-10 |


# വെറും നുണയാണേ! വിശ്വസിക്കരുതേ!

ഇന്ത്യയിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ ഇപ്പോഴും ധാരാളമായി വിദേശങ്ങളിലേക്ക കയററി അയക്കുന്നുവെന്ന് പത്രങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. ബങ്കാളിൽനിന്നാണ് അധികമായി കൊണ്ടു പോകുന്നതെന്നും പറയുന്നു. ഈ പ്രസ്താവം അടിസ്ഥാനരഹിതമാണ്. അടുത്തൊരവസരത്തിൽ ഗവമ്മേണ്ട് പ്രസിദ്ധം ചെയ്ത ഒരു റിപ്പോർട്ട്പ്രകാരം 1942–43 ൽ ഇന്ത്യയിൽനിന്ന് ഭക്ഷ്യധാന്യങ്ങളുടെ കയററുമതി 370,000 തൻ ആയിരുന്നു. ഇത് 1937–38 കൊല്ലത്തിൽ നിന്ന് ക്രമേണ ചുരുങ്ങിവരുന്ന ഒരു ലക്ഷണമാണ്. 1937–38ൽ ഭക്ഷ്യധാന്യങ്ങളുടെ കയററുമതി 900,000 തൻ ആയിരുന്നു. 1943-ാം കൊല്ലത്തിന്റെ ആരംഭത്തിന്നുശേഷം ഇന്ത്യയിൽനിന്ന് മാസംതോറും കയററി അയച്ച ഭക്ഷ്യധാന്യങ്ങളുടെ കണക്ക താഴെ പറയും പ്രകാരമാകുന്നു :—

| 1943 | | ഗോതമ്പ് (തൻ) | അരി (തൻ) | ആകെ (തൻ) |
|---|---|---|---|---|
| ജനവരി | .. | 140 | 13,830 | 13,970 |
| ഫിബ്രുവരി | .. | 166 | 19,058 | 19,224 |
| മാർച്ച് | .. | 6 | 12,612 | 12,618 |
| ഏപ്രിൽ | .. | 33 | 7,819 | 7,852 |
| മേയ് | .. | 216 | 5,479 | 5,695 |
| ജൂൻ | .. | 20,321 | 10,166 | 30,487 |
| ജൂലായി | .. | 283 | 2,008 | 2,291 |
| | | 21,165 | 70,972 | 92,137 |

ഇവയെല്ലാം അയച്ചിരുന്നത് സിലോൺ, പേർസ്യൻ ഗൾഫ്, ആഫ്രിക്ക, മദ്ധ്യധരണിക്കടലിലുള്ള മററു ദ്വീപുകൾ ഇവയിലേക്കായിരുന്നു. ഇവിടങ്ങളിലെല്ലാം ഇന്ത്യൻസൈന്യങ്ങൾ പോയി നില്ക്കുന്നതുകൊണ്ടാണ് ഭക്ഷ്യധാന്യങ്ങൾ അയച്ചത്. ഇക്കാലത്തു ബങ്കാളിൽനിന്ന് ആകെ 7,000 തന്നിൽ അധികം ഭക്ഷ്യധാന്യങ്ങൾ വിദേശങ്ങളിലേക്ക അയച്ചിട്ടില്ല. ഇതിൽ 3,000 തന്നോളം അയച്ചത് ജനവരി മാസത്തിലായിരുന്നു. ഇതിന്ന് പകരം ബങ്കാളിലേക്ക 70,000 തൻ ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

ഇന്ത്യയിൽനിന്ന് പുറത്തേക്ക യാതൊരു ഭക്ഷ്യധാന്യങ്ങളും ലൈസൻസ് കൂടാതെ കൊണ്ടുപോകരുതെന്ന് ഇന്ത്യാ ഗവമ്മേണ്ട നിശ്ചയിച്ചിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ച രാജ്യത്തുള്ള സ്ഥിതി ഇടക്കിടക്ക ഗവമ്മേണ്ട് അന്വേഷിച്ചറിയുന്നു. ഈ അന്വേഷണം കൊണ്ടു ആയവ്യയം വേണ്ടതുപോലെ നിർണ്ണയിച്ചതിന്ന ശേഷമെ ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, സുഗന്ധവസ്തുക്കൾ, കന്നുകാലികൾക്കുള്ള ഭക്ഷണം, തവിട്ട മുതലായതുകൾ ഇന്ത്യയിൽനിന്ന് കയററി അയക്കുവാൻ പാടുള്ളൂ. 1943 ജൂലായി മുതല്ക്കു സിലോണിലേക്ക അല്പം ചില ഉഴുന്ന്, പയറ് മുതലായതുകൾ കയററി അയച്ചുവെന്നല്ലാതെ, മററു യാതൊന്നും അയച്ചിട്ടില്ല. ഉഴുന്ന്, പയറു മുതലായതുകൾക്കെല്ലാം ലൈസൻസ് വേണ്ടതാകുന്നു. കച്ചവടക്കപ്പലുകളിൽ ജോലി ചെയ്യുന്നവക്കും അത്യാവശ്യം ഭക്ഷ്യസാധനങ്ങൾ കൊടുത്തിട്ടുണ്ട്. ഇത് എത്രയും നിസ്സാരമായിട്ടുള്ള കയററുമതിയായിരുന്നു. കഴിഞ്ഞ എട്ടു മാസങ്ങളിൽ ഒട്ടാകെ തുഛമായ ഒരു തുകയെ ഭക്ഷ്യധാന്യങ്ങൾ ഈ വഴിക്ക പോയിട്ടുള്ളൂ.

യുനൈറെറഡ് കിങ്ഡം കമേർസിയിൽ കോർപ്പൊറേഷൻ ഇന്ത്യയിൽനിന്ന് കയററുമതി ചെയ്യുന്നതിന്ന് ഗവമ്മേണ്ടിന്റെ നിയമത്തടസ്ഥമൊന്നുമില്ലെന്നും, അവരുടെ കയററുമതി വളരെ അധികമായിട്ടുണ്ടെന്നും പ്രസ്താവം കേൾക്കുന്നുണ്ട്. അവരുടെ കയററുമതിയെ സംബന്ധിച്ച സർവ്വ വിവരവും ഇന്ത്യാ ഗവമ്മേണ്ടിന്നുണ്ട്. അതെല്ലാം ഇന്ത്യാ ഗവമ്മേണ്ടിന്റെ ലൈസൻസോടുകൂടിയാണുതാനും. കഴിഞ്ഞ 12 മാസമായി യാതൊരു വിധത്തിലുള്ള ഭക്ഷ്യസാധനങ്ങളും അവർ ഇന്ത്യയിൽനിന്ന് കയററി അയച്ചിട്ടില്ല.

ഇക്കൊല്ലത്തിന്റെ ആദ്യത്തിൽ ആസ്ത്രേലിയായിൽ നിന്ന് ഗോതമ്പുകൊണ്ടുവന്നതിന്നുപകരം ഇന്ത്യയിൽനിന്ന് മടക്കികൊടുക്കേണ്ടിവന്നുവെന്നൊരു പ്രസ്താവം ഉണ്ട്. ഇതിൽ യാതൊരു വാസ്തവവും ഇല്ല. ഇക്കൊല്ലത്തെ ആദ്യത്തിൽ അനവധി കപ്പലുകൾ നിറച്ചു ഗോതമ്പ് ഇന്ത്യയിലേക്ക വന്നിരുന്നതിൽ മൂന്നു കപ്പലുകൾ മറെറാരു വഴിക്ക തിരിച്ചുവിടേണ്ടിവന്നു. പക്ഷെ തിരിച്ചുവിടുവാൻ സാധിക്കുന്നതിന്നുമുമ്പ കപ്പലുകൾ ഇന്ത്യയിൽ എത്തിയതിനാൽ അവയെ ഇന്ത്യയിൽ തന്നെ ചെലവാക്കി, ഇതിന്ന് പകരം ഇന്ത്യയിൽനിന്നയച്ചുകൊടുത്തുവെന്നെ ഉള്ളൂ. അതയച്ചുകൊടുക്കാതെ നിവൃത്തിയില്ല. നാം ന്യായരഹിതമായി അപഹരിച്ച മുതലാണത്.

1. ഇന്ത്യയിൽ ഭക്ഷണത്തിന്നുള്ള ക്ഷാമം ഇന്നും ഇന്നലേയും ഉള്ളതല്ല. വളരെ കാലമായി നിലനിന്നുവന്നിരുന്ന പട്ടിണി തീക്കുവാൻ ഗവമ്മേണ്ട് പലതും ചെയ്തുവെങ്കിലും, ഭൂമിദേവി തരുന്നതു പൊതുവെ അനുഭവിക്കേണ്ടതാണെന്നുള്ള മനോഭാവം മനുഷ്യർക്കില്ലാതിരുന്നതിനാൽ, ഗവമ്മേണ്ടിന്റെ പരിശ്രമങ്ങൾ പരിപൂർണ്ണസഫലതയെ പ്രാപിക്കുകയോ, വിശപ്പിന്റെ വിലാപം പുറത്തേക്ക കേൾക്കുകയൊ ചെയ്തിരുന്നില്ല.

2. ദുർഭിക്ഷം കഴിയുന്നതും തീക്കേണമെന്ന് വെച്ച ബർമ്മാ, സയാം മുതലായ ദിക്കുകളിൽനിന്ന് ആണ്ടുതോറും അനവധി തൻ അരി ഇന്ത്യയിലേക്ക ഗവമ്മേണ്ട എത്തിച്ചിരുന്നു. ഇന്നതു ഇല്ലാതെവരികയും, ഉള്ളത് സർവ്വജനങ്ങൾക്കും ഒരുപോലെ അനുഭവിക്കാറാക്കേണമെന്ന് വെച്ച ഗവമ്മേണ്ട് നിശ്ചയിക്കുകയും ചെയ്യുന്നതിനാൽ 365 ദിവസവും പാലടപ്രധമനായി കഴിഞ്ഞിരുന്നവക്ക അല്പം സൌകര്യക്കേട വന്നിട്ടുണ്ട്. അവരാണ് ക്ഷാമവർത്തമാനം ഉറക്കെ പറയുന്നത്.

3. ഉള്ളത് എല്ലാവക്കും ഒരുപോലെ കൊടുക്കുവാനേർപ്പാട ചെയ്യേണ്ടതിന്ന് ഗവമ്മേണ്ട ഇന്ന് നിർബ്ബന്ധിതരായിട്ടുണ്ട്. ഇരുപതുലക്ഷം ഇന്ത്യൻ യോദ്ധാക്കളാണ് ഇന്ന് യുദ്ധത്തിലേർപ്പെട്ടിട്ടുള്ളത്. അവരുടെ കുഡുംബ സംരക്ഷണ ഗവമ്മേണ്ടിന്ന് പ്രത്യേകമായി ചെയ്യാതിരിപ്പാൻ നിവൃത്തിയില്ല.

4. വളരെക്കാലം പട്ടിണികിടന്ന് കഷ്ടപ്പെട്ട അനവധി ലക്ഷം കുഡുംബങ്ങൾ ഇന്ന് യുദ്ധം വന്നതിനാൽ സുഖമായി ജീവിക്കുന്നുണ്ട്. അവർ മുമ്പ് മിക്കതും മുണ്ട മുറുക്കി ഉടുത്തു വിശപ്പുമാററിയിരുന്നവരാണ്. അന്ന് സുഖമായി ജീവിച്ചിരുന്നവരാരും ഇവരുടെ വിശപ്പിനെപ്പററി ചിന്തിച്ചില്ലല്ലൊ.

5. ഇപ്പോൾ ക്ഷാമമല്ല ഉള്ളതു്. അധികം വയറ് ഇന്ന് പിഴക്കുന്നു. അതിനാൽ അധികം ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കണം. ചോദിച്ചതു തരുവാൻ ഭൂമിദേവിയുണ്ടല്ലൊ. എന്തിന്ന് ചോദിക്കാൻ മടിക്കുന്നു?

**പ്രതിവാരചിന്തകൾ:**

# സംക്ഷിപ്ത വാർത്താ വിവരണം

കഴിഞ്ഞ ലക്കം യുദ്ധസഞ്ചികയിൽ പോളണ്ടു് കീഴടങ്ങിയ വരേയുള്ള കഥയാണു് പറഞ്ഞതു്. എന്നാൽ അതു ജർമ്മൻ ആക്രമണബുദ്ധിയുടെ ആരംഭം മാത്രമായിരുന്നു.

**നോർവെ, ഡൺമാക്കു്**

1939 സപ്തെമ്പർ 27-ാംതിയ്യതി പോളണ്ടിന്റെ തലസ്ഥാനനഗരിയായ വാർസാ ജർമ്മൻ സൈന്യത്തിന്നു് കീഴടങ്ങി. പതിനെട്ടു ദിവസത്തെ യുദ്ധം കൊണ്ടാണു് പോളണ്ടിന്റെ കേളികേട്ട സൈന്യത്തെ കണ്ടമാനം നശിപ്പിച്ചുകളഞ്ഞതു്. പോളണ്ടിലെ യുദ്ധം അവസാനിച്ചു് അതിനെ പങ്കിട്ടപ്പോൾ വലുതായ ഒരു പങ്കു് റഷ്യക്കും കിട്ടി. പോളണ്ടു് രാജ്യം ജർമ്മനിയുടെയും റഷ്യയുടെയും ഇടയിൽ കിടക്കുന്ന ഒരു സ്വതന്ത്ര രാജ്യമായിരുന്നു. അതിനെ മുഴുവൻ ജർമ്മനി കീഴടക്കുന്നപക്ഷം റഷ്യയുടെ പടിഞ്ഞാറൻ അതൃത്തിയിൽ ജർമ്മൻ സൈന്യമെത്തും. അതു് തന്റെ അതൃത്തിക്കു് ബലക്കുറവാണെന്നുവെച്ചാണു് ജർമ്മൻ സൈന്യം പോളണ്ടിലേക്കു് പടിഞ്ഞാറെ പടിക്കൽകൂടി വന്നപ്പോൾ റഷ്യ പോളണ്ടിന്റെ കിഴക്കെ പടിക്കൽകൂടി കടന്നതു്. ഏതായാലും അതിശക്തിയായ ഒരു സ്വതന്ത്രരാജ്യത്തിന്റെ കഥ ഒരു പക്ഷത്തെ യുദ്ധംകൊണ്ടവസാനിച്ചു. അത്ര ഭയങ്കരവും വിനാശകരവുമാണു് ഇന്നെത്തെ ജർമ്മൻ യുദ്ധയന്ത്രം; അതനുസരിച്ചുതന്നെയാണു് അവരുടെ യുദ്ധതന്ത്രവും. ധർമ്മയുദ്ധമെന്നു് പൂർവ്വകാലങ്ങളിൽ ഘോഷിച്ചിരുന്നതായ യാതൊരു ചേഷ്ടയും അവന്റെ യുദ്ധത്തിലില്ല. മനുഷ്യസമുദായത്തെ നിഷ്ക്കണ്ടകമായി നശിപ്പിക്കുന്നതുതന്നെയാണു് അവന്റെ ധർമ്മം.

പോളണ്ടു് കീഴടങ്ങിയതിന്നുശേഷം ജർമ്മനി ആക്രമിച്ചതു് നോർവെയിനേയും ഡെൺമാക്കിനെയുമാണു്. ഈയാക്രമണം 1940 ഏപ്രിൽ 9-ാം തിയ്യതി ആരംഭിച്ചു. ഡെൺമാക്കു് തീരെ യുദ്ധത്തിന്നൊരുക്കമുണ്ടായിരുന്നില്ല. എങ്ങിനെ ഒരുങ്ങും? 1939 മേയി മാസത്തിലാണു് ജർമ്മനിയും ഡെൺമാക്കുമായി ഒരുടമ്പടിയുണ്ടായതു്. ഈയുടമ്പടിയനുസരിച്ചു് പത്തു കൊല്ലത്തേക്കു അവർ അന്യോന്യം യാതൊരുപദ്രവവും ചെയ്കയില്ലെന്നായിരുന്നു നിശ്ചയം. അങ്ങിനെയുള്ള നിശ്ചയമിരിക്കുമ്പോൾ ഡെൺമാക്കു എങ്ങിനെയാണു് യുദ്ധത്തിന്നൊരുക്കമുണ്ടായിരിക്കുക? പോരെങ്കിൽ ജർമ്മനിയെ അപേക്ഷിച്ചു് ഡെൻമാക്കു് എത്രയോ ചെറിയ ഒരു രാജ്യവും സമാധാനപരമായി ജീവിക്കുന്ന ഒരു വർഗ്ഗക്കാരുമായിരുന്നു. അവർ സുമാറു് ഒരു യാദവവംശമാണു്. പശുപാലനവും, വെണ്ണ, പാലു് മുതലായവ വില്പനയുമാണു് അവരുടെ പ്രധാന തൊഴിൽ. ജർമ്മൻകാരെപ്പോലെ സദാസമയവും തോക്കു തുടച്ചു്, ഇരുമ്പുരുക്കി, ഉണ്ടയുണ്ടാക്കിക്കൊണ്ടിരിക്കയല്ല. അതിനാൽ ഡെൻമാക്കു് ഉടനെ കീഴടങ്ങി. നോർവെ യുദ്ധംചെയ്തു. ബ്രിട്ടീഷുകാർ കഴിയുന്ന സൈന്യസഹായം അവർക്കയച്ചുകൊടുത്തു. എന്നാൽ ജർമ്മനിയുടെ സൈന്യശക്തി അപാരമായതിനാൽ സപ്തെമ്പർ മാസത്തിൽ നോർവെയും യുദ്ധം നിർത്തി. രാജാവു് ലണ്ടനിലേക്കു ഓടിപ്പോയി. നോർവേയിൽ ഇന്നു് ജർമ്മനിയുടെ കീഴിലുള്ള ഒരു ഭരണമാണു് നടക്കുന്നതു്.

**ബ്രിട്ടീഷ് പ്രധാനമന്ത്രി**

കൊല്ലം 1940 മേയി മാസം 10-ാം തിയ്യതി മി. നെവിൽ ചേമ്പർലെയിൻ ബ്രിട്ടീഷു് പ്രധാനമന്ത്രിസ്ഥാനം രാജിവെച്ചു. മി. ചർച്ചിൽ ബ്രിട്ടീഷു് പ്രധാനമന്ത്രിയായി. അന്നുമുതല്ക്കേ ബ്രിട്ടന്റെ ശരിയായ യുദ്ധോദ്യമം ആരംഭിച്ചുള്ളു. മി. ചേമ്പർലെയിൻ വളരെ യോഗ്യനായ ഒരു പ്രധാനമന്ത്രിയായിരുന്നെങ്കിലും, എപ്പോഴും സമാധാനത്തെ ലക്ഷ്യമാക്കിക്കൊണ്ടു ജീവിച്ചാളായിരുന്നതിനാൽ ജർമ്മനിയിൽ ഹിററ്ലർ വളർന്നുകൊണ്ടു വന്നതിനാലുള്ള ആപത്തു വേണ്ടപോലെ ധരിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചിരുന്നില്ല. മി. ചർച്ചിലാകട്ടെ, ആദ്യംമുതല്ക്കു് ഈ ധൂമകേതു ജർമ്മനിയിൽ ഉദിച്ചപ്പോൾ തുടങ്ങി അതുകൊണ്ടുള്ള ആപത്തിനെപ്പററി വിമർശിക്കാനും, ലോകത്തിനെ താക്കീതു ചെയ്വാനും. പക്ഷെ, അദ്ദേഹത്തിന്റെ വാക്കിനെ അന്നാരും അത്ര വകവെച്ചില്ല. അദ്ദേഹം ഹിററ്ലറുടെ വക്കൽനിന്നുള്ള ആപത്തിനെപ്പററി പറയുവാൻ തുടങ്ങിയപ്പോൾ തന്നെ ബ്രിട്ടൻ സമാധാനരക്ഷ ചെയ്വാൻ ഒരുങ്ങിയിരുന്നുവെങ്കിൽ, ഒരു യുദ്ധംകൊണ്ടു സാധിക്കുന്ന ഇന്നേത്തെ കാര്യം അന്നു ഒരു വാക്കുകൊണ്ടു സാധിച്ചേനെ. പക്ഷെ, കഴിഞ്ഞുപോയ സംഭവങ്ങളെ പററി ദുഃഖിച്ചിട്ടെന്തു കാര്യം? ഇപ്പോഴെങ്കിലും ഹിററ്ലർരോഗം വേണ്ടപോലെ അറിഞ്ഞു് അതിന്നു ന്യായമായ ചികിത്സ ചെയ്വാനുള്ള ഒരു വൈദ്യൻ വന്നതു് ലോകത്തിന്റെ ഭാഗ്യമെന്നേ പറയേണ്ടു.

**ഹിററ്ലരുടെ ബ്ലീററ്സ്**

മി. ചർച്ചിൽ പ്രധാനമന്ത്രിസ്ഥാനം വഹിച്ച ദിവസംതന്നെയാണു് ഹിററ്ലർ യൂറോപ്പു് വൻകരയുടെ പടിഞ്ഞാറോട്ടു് തിരിഞ്ഞതു്. കൊല്ലം 1940 മേയി 10-ാം തിയ്യതി ഹോളണ്ടിന്റെയും ബെൽജിയത്തിന്റെയും നേരെയുള്ള യുദ്ധം ആരംഭിച്ചു. ഹോളണ്ടു ജർമ്മൻ സൈന്യത്തെ എതൃക്കുവാനുള്ള ശ്രമമെല്ലാം ചെയ്തുനോക്കി. പക്ഷെ അതുകൊണ്ടൊ

ന്നും യാതൊരു ഫലവുമുണ്ടായില്ല. നാലു ദിവസം കൊണ്ടു് ഹോളണ്ടിന്നു കീഴടങ്ങേണ്ടിവന്നു. ബെൽജിയത്തിലെ രാജാവു ബ്രിട്ടനോടു സഹായത്തിന്നഭ്യർത്ഥിച്ചു. അതനുസരിച്ചു ബ്രിട്ടീഷ് സൈന്യം ബെൽജിയത്തിലെത്തി. എന്നാൽ മേയി 28-ാം തിയ്യതി ബ്രിട്ടീഷ് സൈന്യത്തിനോടാലോചിക്കാതെ ബെൽജിയൻ രാജാവു ജർമ്മനിക്കു കീഴടങ്ങി. ബെൽജിയൻ രാജാവു് ബ്രിട്ടീഷുകാരെ ചതിച്ചുവെന്നല്ലാ പറയുന്നതെങ്കിലും, ബെൽജിയം സൈന്യം ആയുധം വെച്ചതോടുകൂടേ ബ്രിട്ടീഷ് സൈന്യത്തിന്നു് നില്ക്കക്കള്ളിയില്ലാതായി. മേയി 29-ാം തിയ്യതി ഡെൻകർക്ക് തുറമുഖത്തുവെച്ചു് ചെറുതായ ഒരു ബ്രിട്ടീഷ് സൈന്യം വമ്പിച്ച ഒരു ജർമ്മൻ സൈന്യത്തിന്റെ പരാക്രമം മുഴുവൻ സഹിച്ചുകൊണ്ടു് അവിടെനിന്നു് രക്ഷപ്പെട്ടു. സുമാറു ആയിരം ബ്രിട്ടീഷ് കപ്പലിലാണു് ബ്രിട്ടീഷ് സൈന്യം ഇംഗ്ലണ്ടിലേക്കെത്തിയതു്. അനവധി യുദ്ധസാമാനങ്ങൾ അവിടെ വിട്ടുപോരേണ്ടിവന്നു.

**ഫ്രാൻസ്**

ബെൽജിയം കഴിഞ്ഞപ്പോഴേക്കും ജർമ്മൻസൈന്യം ഫ്രാൻസിൽ എത്തിയിരിക്കുന്നു. ഫ്രാൻസിന്റെ നേരെയുണ്ടായ യുദ്ധത്തിൽ 120 ഡിവിഷ്യൻ ജർമ്മൻ സൈന്യമാണുണ്ടായിരുന്നതു്. ഒരു ഡിവിഷ്യനെന്നുവെച്ചാൽ ഒരു സൈന്യവ്യൂഹമെന്നു കരുതിയാൽ മതി. ഒരു ഡിവിഷനിൽ ഏറക്കുറെ പതിനാലായിരം ആളുകൾ ഉണ്ടായിരിക്കും. എന്നാൽ ആളുകളുടെ ശക്തിയല്ല ഇതിൽ പ്രധാനമായിട്ടുള്ളതു്. ആയുധങ്ങളുടെയും യന്ത്രങ്ങളുടെയും ശക്തിയാണു്. എന്തിനേറെ പറയുന്നു; ജൂൺ 17-ാം തിയ്യതി ഫ്രാൻസിന്റെ നേതാവായ പെറൈറൻ സമാധാനത്തിന്നപേക്ഷിച്ചു. ജൂൺ 24-ാം തിയ്യതി ഫ്രാൻസും ജർമ്മനിയും കൂടി സമാധാനഉടമ്പടിയാവുകയും ചെയ്തു. അന്നുതന്നെ ഹിററ്ലർ പടിഞ്ഞാറൻ യുദ്ധരംഗത്തിലെ യുദ്ധം അവസാനിച്ചുവെന്നു് വിളംബരം ചെയ്കയും ചെയ്തു.

**റുമേനിയായും ബൾഗേറിയായും**

യൂറോപ്പിലെ വിശേഷപ്പെട്ട അനവധി രാജ്യങ്ങൾ ഇപ്പോഴേക്കും ഹിററ്ലറുടെ അധീനത്തിലായി. ഇതുകൊണ്ടും ആയാളുടെ ആക്രമബുദ്ധി ശമിച്ചില്ല. പിന്നീടു ആയാൾ തിരിഞ്ഞതു യൂറോപ്പിന്റെ തെക്കുകിഴക്കൻ പ്രദേശത്തുള്ള രാജ്യങ്ങളുടെ നേരെയാണു്. കഴിയുന്നതും ചപ്പടാച്ചി കൊണ്ടു് രാജ്യങ്ങളെ കൈവശപ്പെടുത്താൻ നോക്കി, അതുകൊണ്ടൊന്നും നിവൃത്തിയില്ലെന്നു വരുമ്പോഴാണു് ആയാൾ യുദ്ധം ആരംഭിക്കുന്നതു്. ഈ വിധം ചപ്പടാച്ചികൊണ്ടു റുമേനിയായും, ബൾഗേറിയായും ഹിററ്ലറുടെ അധീനത്തിൽ വന്നു. 1940 സപ്തെമ്പർ 6-ാം തിയ്യതി റുമേനിയായിലെ രാജാവിനെ ആട്ടിയോടിച്ചു് അവിടെ തനിക്കധീനമായ ഒരു ഭരണം ഏർപ്പെടുത്തി. ഇതുപോലെത്തന്നെ 1941 മാർച്ച് 1-ാം തിയ്യതി ബൾഗേറിയായിനെയും ജർമ്മൻ കക്ഷിയുടെ ഭാഗത്തു കൊണ്ടുവരുമാറുള്ള ഒരു കരാറു ഒപ്പിടിച്ചു. ജർമ്മനി, ഇററലി, ജാപ്പാൻ ഈ മൂന്നാളുടെയും കക്ഷിയിൽ ബൾഗേറിയായും ചെന്നുചേർന്നു.

**യുഗോസ്ലേവിയാ, ഗ്രീസ്സ്**

ബൾഗേറിയക്കു തൊട്ടുകിടക്കുന്ന രാജ്യങ്ങളാണു് യുഗോസ്ലേവിയായും ഗ്രീസ്സും. ഇവരെ മെരട്ടുകൊണ്ടു കീഴടക്കുവാൻ സാധിക്കാത്തതുകൊണ്ടാണു് 1941 ഏപ്രിൽ 6-ാം തിയ്യതി യുഗോസ്ലേവിയായിനെ ആക്രമിച്ചതു്. ഏപ്രിൽ 18-ാം തിയ്യതി യുഗോസ്ലേവിയ കീഴടങ്ങുകയും ഉടനെത്തന്നെ ആ രാജ്യം പലക്കുംകൂടി പങ്കിട്ടുകൊടുക്കുകയും ചെയ്തു. ഏപ്രിൽ 6-ാം തിയ്യതി തന്നെയാണു് ഹിററ്ലർ ഗ്രീസ്സിനെയും ആക്രമിച്ചതു്. ഇവിടെയും ജർമ്മൻ സൈന്യത്തെ അതിശക്തിയായി എതൃത്തു. ബ്രിട്ടീഷ് സൈന്യം വടക്കൻ ആഫ്രിക്കയിൽ നിന്നു ജനറൽ വേവലിന്റെ കിഴിൽ ഗ്രീസ്സിന്റെ സഹായത്തിന്നു ചെന്നു. എന്നാൽ, ഗ്രീസ്സും ജർമ്മൻ സൈന്യത്തിന്നു ഏപ്രിൽ 27-ാം തിയ്യതിയോടുകൂടി കീഴടങ്ങി. ഇവിടെ ജർമ്മനിക്കധീനമായ ഒരു ഭരണം സ്ഥാപിക്കുകയാണുണ്ടായതു്. ഈ പ്രദേശത്തു ഹംഗേറി മാത്രമെ ഒരു രാജ്യം യുദ്ധം കൊണ്ടു് ഹിററ്ലർ നശിപ്പിക്കാതെയുള്ളൂ. എന്നാൽ യുദ്ധമില്ലാതെതന്നെ ഈ രാജ്യവും ഹിററ്ലറുടെ അധീനത്തിലായിക്കഴിഞ്ഞിരുന്നു 1941 ഏപ്രിൽ 17-ാം തിയ്യതി ബ്രിട്ടൺ ഹംഗേറിയോടുള്ള സർവ്വ മൈത്രിയും വേണ്ടെന്നുവെച്ചു.

**റഷ്യ**

യൂറോപ്പിൽ ജർമ്മനിക്കധീനമാവാതെ ഇനി ഒരു രാജ്യം മാത്രം ഉണ്ടായിരുന്നതു് റഷ്യയാണു്. ഈ റഷ്യയുടെ നേരെ ഹിററ്ലർ 1941 ജൂൻ 22-ാം തിയ്യതി യുദ്ധം തുടങ്ങി. ഇതെവരേയും റഷ്യയോടു വളരെ ഇഷ്ടമുണ്ടായിട്ടില്ല ഹിററ്ലർ മിണ്ടാതിരുന്നതും, റഷ്യയോടു ഹിതമനുസരിച്ചു് നടന്നിരുന്നതും. മററു രംഗങ്ങളിൽ യുദ്ധം നടത്തിക്കൊണ്ടിരിക്കുമ്പോൾ കിഴക്കൻ രംഗത്തിൽ റഷ്യയോടു യുദ്ധം ആരംഭിക്കുന്നതായാൽ രണ്ടു രംഗത്തിലും കൂടി കാര്യങ്ങൾ വേണ്ടതുപോലെ നടത്തുവാൻ സാധിക്കയില്ലെന്നു കരുതിയായിരുന്നു. റഷ്യയും ജർമ്മനിയും തമ്മിൽ, വിശേഷിച്ചു് ജർമ്മനിയിലെ നാസിക്കക്ഷിയും തമ്മിൽ യാതൊരു മൈത്രിക്കും അവകാശമില്ല. യഥാർത്ഥത്തിൽ ജർമ്മനിയിൽ നാസിസം എന്നൊരു രാഷ്ട്രീയമതം തന്നെയുണ്ടായതു് റഷ്യയിലെ കമ്യൂനിസത്തിനെ എതൃക്കുവാൻവേണ്ടിയായിരുന്നു. എന്നാൽ പിന്നെ യുദ്ധം തുടങ്ങിയവസരത്തിൽ ഇവർ രണ്ടു കൂട്ടരും മൈത്രീഭാവം കൈക്കൊണ്ടതെന്തിനെ? അവരുടെ

## യുദ്ധരംഗം: ഈയാഴ്ച

—❖—

1943 സെപ്റ്റംബർ 3-ാം തിയ്യതി: ആർ. എ. എഫ്. വിമാനങ്ങൾ ചെന്ന് ബർലിൻ നഗരിയെ ബോംബിട്ടു തകർത്തു. ആയിരം ടൺ ബോംബുകൾ ഇട്ടിട്ടുണ്ട്.

അതേ ദിവസം തന്നെ അമേരിക്കൻ വിമാനസൈന്യം ചെന്ന് പാരീസ്സിലും ബോംബിട്ടു.

5-ാം തിയ്യതി: ബാഗ്നാറാ, മെലിട്ടൊ എന്നീ രണ്ടു പട്ടണങ്ങൾ ഇററലിയിൽ ഐക്യകക്ഷിസൈന്യങ്ങൾ പിടിച്ചു.

റഷ്യൻ സൈന്യം ജർമ്മൻ സൈന്യത്തിൻെറ വക്കൽ നിന്ന് ആർട്ടിമോസ്ക് നഗരി പിടിച്ചു.

6-ാം തിയ്യതി: ഹാർവാഡ് (അമേരിക്ക) സർവ്വകലാശാലയിൽവെച്ച് മി ചർച്ചിലിൻെറ പ്രസംഗം. അമേരിക്കയും ബ്രിട്ടനും തമ്മിലുള്ള ഐക്യതയായിരുന്നു പ്രകൃതം.

ഇററലിയിൽ ഐക്യകക്ഷിസൈന്യം സാൻസ്റ്റിഫാനൊ പട്ടണം പിടിച്ചു.

തെക്കുപടിഞ്ഞാറൻ ശാന്തസമുദ്ര രംഗത്തിൽ ന്യൂഗിനിയാ ദ്വീപിൽ ഐക്യകക്ഷിസൈന്യങ്ങളുടെ ഒരു പുതിയ സംഘം ഇറങ്ങി ലേ നഗരിയിലേക്ക് പുറപ്പെട്ടിരിക്കുന്നു. ഈ നഗരി ഒരു ജാപ്പാൻ സൈന്യസങ്കേതമാണ്.

റഷ്യൻ രംഗത്തിൽ മക്കീക്ക, കോണോട്ടോപ്പ് എന്നീ സ്ഥലങ്ങൾ റഷ്യൻ സൈന്യം പിടിച്ചു.

7-ാം തിയ്യതി: ഐക്യകക്ഷി സൈന്യങ്ങൾ ഇററലിയിൽ പാൽമി, ഡലിയാനോവാ എന്നീ സ്ഥലങ്ങൾ പിടിച്ചു.

സെപ്റ്റംബർ 8-ാം തിയ്യതി: ഇററലി ആയുധം വെച്ച് ഐക്യകക്ഷികൾക്ക് കീഴടങ്ങി.

വടക്കൻ യൂക്കറൈനിലുള്ള സ്റ്റാളിനൊ നഗരി റഷ്യൻ സൈന്യം പിടിച്ചു.



ജനറൽ ഐസ്നോവർ

(ഇററലിയൻ സൈന്യം ഇദ്ദേഹത്തിന്നാണ് കീഴടങ്ങിയതു്)

സൌകര്യം അപ്പോൾ അതായിരുന്നു. അല്ലാതെ സ്ഥിരമായ ഒരു മൈത്രി അവർ രണ്ടു കൂട്ടരും തമ്മിലുണ്ടാകുമെന്നു അവരാകട്ടെ, ലോകമാകട്ടെ വിശ്വസിച്ചിരുന്നില്ല. പക്ഷേ ഹിററ്ലർ കൈ ഒഴിഞ്ഞു് കിട്ടുന്നതുവരെ റഷ്യയെ മുഷിപ്പിക്കാതെ കഴിച്ചു. സ്റ്റാളിനും മിത്രഭാവം കൊണ്ടു കിട്ടുന്ന ലാഭമെല്ലാം കിട്ടട്ടെ; അതു് കഴിഞ്ഞു് യുദ്ധത്തിന്നു വരുമ്പോൾ ഒരു കൈ നോക്കാമെന്നുകരുതി വേണ്ട ഒരുക്കങ്ങൾ ചെയ്തു കൊണ്ടുതന്നെവന്നു. അതിനാൽ തലേദിവസംവരെ മിത്രഭാവത്തിലിരുന്നവർ പിറേറന്നു തമ്മിൽ യുദ്ധം തുടങ്ങിയപ്പോൾ ലോകം അതിശയിച്ചുവെങ്കിലും, ഹിററ്ലൎക്കും സ്റ്റാളിനും യാതൊരു അതിശയവും ഉണ്ടായില്ല. ആറാഴ്ചകൊണ്ടു റഷ്യയെ കീഴടക്കിക്കളയാമെന്നുവെച്ചു പുറപ്പെട്ട ഹിററ്ലരുടെ പ്ലാൻ മുഴുവൻ തന്മൂലം ഭേദപ്പെടുത്തേണ്ടിവന്നു. ആറാഴ്ച കഴിഞ്ഞു് ആഴ്ചകൾ നൂറുനൂറായി. പൂൎണ്ണവിജയം നേടിക്കളയാമെന്നുള്ള ആശ വിട്ടു ഹിററ്ലൎക്കിപ്പോൾ തോല്ക്കാതെ കഴിഞ്ഞാൽ കൊള്ളാമെന്നായി. ഇങ്ങിനെയാണ് ഹിററ്ലർ തമിഴർ



പറയുംപോലെ, റഷ്യയിൽ പോയി "മാട്ടി"യിരിക്കുന്നതു്.

ഫ്രാൻസ് ജർമ്മനിക്കു കീഴടങ്ങുവാൻ പോകുന്നു;

ഇററലി

ഫ്രാൻസ് പൊളിയുന്ന സമയത്തു വല്ലതും കിട്ടുവാൻ തരമുണ്ടെങ്കിൽ അതിന്നു ശ്രമിക്കേണ്ട സമയം ഇപ്പോഴാണെന്നു കരുതി 1940 ജൂൻ മാസത്തിൽ ഫ്രാൻസിൻെറ അന്ത്യകാലസമയത്തു ഇററലി ബ്രിട്ടൻെറയും ഫ്രാൻസിൻെറയും നേരെ യുദ്ധ വിളംബരം ചെയ്തു. ഫ്രാൻസിന്നു വലുതായ ഒരു സാമ്രാജ്യമുണ്ടായിരുന്നതിൽ വടക്കൻ ആഫ്രിക്കയിൽ ഉണ്ടായിരുന്ന പ്രദേശങ്ങളെല്ലാം തനിക്കു കിട്ടണമെന്നുള്ള ഒരു മോഹം മുസ്സോളിനിക്കു കലശലായി ഉണ്ടായിരുന്നു. അതുകൊണ്ടാണു ആയാൾ യുദ്ധത്തിൽ ചേരുവാൻ തന്നെ മുതിൎന്നതു്. ഒടുവിൽ അനുഭവം ഉണ്ടായതു്, പിച്ചകിട്ടിയതുമില്ല നായകടിക്കും ചെയ്തു എന്നു പറഞ്ഞപോലെയാണുതാനും. ഫ്രാൻസിന്നു ആഫ്രിക്കയിലുണ്ടായിരുന്ന യാതൊരു പ്രദേശവും ഇററലിക്കു കിട്ടിയില്ലെന്നു മാത്രമല്ലാ, ഇററലിയുടെ സ്വന്തം വടക്കൻ ആഫ്രിക്കൻ സാമ്രാജ്യം മുഴു

വൻ, ഒരിഞ്ചു് ഭൂമി ബാക്കിയില്ലാതെ പോവുകയും, ഇററലിതന്നെ അത്യാപത്തിൽ പെടുകയും ചെയ്യുകൊണ്ടായി. ഏതായാലും, ഇററലി യുദ്ധത്തിൽ വന്നതോടുകൂടി യുദ്ധം വടക്കൻ ആഫ്രിക്കയിലേക്കും പരന്നു. വടക്കൻ ആഫ്രിക്കയിൽ ഇററ്ലിക്കുണ്ടായിരുന്ന സാമ്രാജ്യത്തിന്നു തൊട്ടുകൊണ്ടാണു് ബ്രിട്ടന്റെ സ്വാധീനത്തിലുള്ള ഈജിപ്ത് കിടക്കുന്നതു്. ബ്രിട്ടനും ഇററ്ലിയും കൂടിയുള്ള യുദ്ധ സ്ഥിതി കൊണ്ടു് ഇററ്ലിക്കു ഇജിപ്തും കൈവശപ്പെടുത്തിയാൽ കൊള്ളാമെന്നുള്ള മോഹമായി. ഈ മോഹത്തിൽ നിന്നാണു് വടക്കൻ ആഫ്രിക്കയിൽ ഉണ്ടായ യുദ്ധം 1940 സപ്തെമ്പർ മുതല്ക്കു ആരംഭിച്ചതു്. ഇതിന്റെ അവസാനം കണ്ടതു 1943 മേയി 7-ാം തിയ്യതി ഐക്യകക്ഷി സൈന്യങ്ങൾ ടൂണിസ്സും ബിസർട്ടയും പിടിച്ചപ്പോഴാണു്. കഴിഞ്ഞ യുദ്ധത്തിൽ ബ്രിട്ടന്റെയും, ഫ്രാൻസിന്റെയും മിത്രമായി നിന്നപോലെ ഇത്തവണയും ഇററലിക്കു നില്ക്കാമായിരുന്നു. ഇല്ലെങ്കിൽ, രണ്ടിലുമില്ലാതെ നില്ക്കുന്നതിന്നും വിരോധമുണ്ടായിരുന്നില്ല. എന്നാൽ ഇന്നു വന്നുചേൎന്നതായ ആപത്തുകൾ യാതൊന്നും ഇല്ലാതെ കഴിക്കാമായിരുന്നു. അവയെല്ലാം വന്നുചേൎന്നതു് ഒരു മനുഷ്യന്റെ ദുരാഗ്രഹം കൊണ്ടു മാത്രമാണു്. ആയാളുടെ സ്ഥിതി ഇന്നെത്ര കഷ്ടമാണു്! ആയാൾ ജീവിച്ചിരിക്കുന്നുണ്ടോയെന്നു തന്നെ പറവാൻ സാധിക്കയില്ല.

**ജാപ്പാൻ**

ഫ്രാൻസ് അധഃപതിച്ചതോടുകൂടി ഇററലി യുദ്ധത്തിൽ വന്നു ചേൎന്നപോലെത്തന്നെയാണു് ജാപ്പാനും വന്നുചേൎന്നതു്. ജാപ്പാൻ ചൈനയിൽ ചെന്നു കെട്ടിമറിയുവാൻ തുടങ്ങീട്ടു ഏഴു കൊല്ലമായിയെങ്കിലും യാതൊരു പഴുതും കിട്ടാതെ കിടന്നു വിഷമിക്കുകയായിരുന്നു. ഇതിന്നു കാരണം ചൈനക്കു ബ്രിട്ടന്റെ വക്കൽനിന്നു ബൎമ്മ വഴിയായും, ഫ്രാൻസിന്റെ വക്കൽനിന്നു ഇണ്ടോചൈനവഴിയായും യുദ്ധോപകരണങ്ങൾ ഇടവിടാതെ കിട്ടിയിരുന്നതാണു്. അതിനെ ഏതുവിധമെങ്കിലും ഇല്ലാതാക്കേണമെന്നു വെച്ചു ശ്രമിച്ചിട്ടും യാതൊരു നിവൃത്തിയുമുണ്ടായിരുന്നില്ല. ഫ്രാൻസ് അധഃപതിച്ചപ്പോൾ ഇണ്ടോചൈനയെ ജാപ്പാൻ കൈവശപ്പെടുത്തി. അവിടെ വലിയ ഒരു സൈന്യസങ്കേതമാക്കി. ആ വഴിയായി ചൈനക്കു പോയിരുന്ന സഹായങ്ങൾ മുടക്കുകയും ചെയ്തു. ഇണ്ടോചൈന കൈവശം കിട്ടുവാൻ വേണ്ടി ജാപ്പാൻ ജൎമ്മനിയുടെ കക്ഷിയിൽ ചേൎന്നു. ഹിററ്ലറുടെ പ്രേരണകൊണ്ടു ജാപ്പാന്റെ ആവശ്യം നിറവേററികൊടുപ്പാൻ മാർഷൽ പെറൈറെൻ നിൎബ്ബന്ധിതനാവുകയും ചെയ്തു. ഇതുപോലെത്തന്നെ പോളണ്ടിന്നും തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽ പലേ ദ്വീപുകളും വിശേഷപ്പെട്ട സ്ഥലങ്ങളും ഉണ്ടായിരുന്നു. ഇവയെയും പോളണ്ടു് അധഃപതിച്ചപ്പോൾ ജാപ്പാൻ കൈവശപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ ഇവിടങ്ങളിൽ ബ്രിട്ടന്റെയും അമേരിക്കയുടെയും സഹായം ഡച്ചുകാൎക്കു (പോളണ്ടുകാൎക്കു) ധാരാളം ഉണ്ടെന്നും, ഡച്ചുകാർ തന്നെ യുദ്ധം കൂടാതെ കീഴടങ്ങുകയില്ലെന്നും കണ്ടിട്ടാണു്, ആദ്യമായി അമേരിക്കക്കും, ബ്രിട്ടനും ഉള്ള സ്ഥലങ്ങളെ ജാപ്പാൻ കൈവശപ്പെടുത്തിയതു്. ആദ്യമായി 1941 ഡിസെമ്പർ 7-ാം തിയ്യതി അമേരിക്കയുടെ പേൾതുറമുഖം ആക്രമിച്ചു. അതിന്നു ശേഷം മലയാ, സിങ്കപ്പൂർ, ഫിലിപ്പൈൻ ദ്വീപുകൾ, ഡച്ചുകാരുടെ ദ്വീപുകൾ, ബൎമ്മ ഇവയേയും കൈവശപ്പെടുത്തി. ആസ്ത്രേലിയായയേയും, ഇന്ത്യയേയും കൈവശമാക്കേണമെന്നാഗ്രഹിച്ചവെങ്കിലും, മുഹൂൎത്തനേരം ഐക്യകക്ഷികൾക്കുണ്ടായ മോഹാലസ്യം തീൎന്നു് ജാപ്പാന്റെ കയററത്തിനെ നിലപ്പിച്ചു. മാത്രമല്ല, തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽ ജനറൽ മക്ക്ആർതർ ജാപ്പാനെ ഓരോ ദ്വീപുകളിൽനിന്നും ആട്ടിയോടിച്ചുകൊണ്ടുള്ള ആക്രമണം ആരംഭിച്ചിരിക്കുന്നു. അടുത്തവസരത്തിൽ ക്യൂബെക്കിൽ വെച്ചു് മി. ചൎച്ചിലും മി. റൂസ്‌വെൽട്ടും കൂടിയുണ്ടായ കൂടിക്കാഴ്ചയുടെ ഫലമായി തെക്കുകിഴക്കൻ ശാന്തസമുദ്രരംഗത്തിൽ പുതുതായി ഒരു സൈന്യനായകനെ കൂടി നിശ്ചയിച്ചിരിക്കുന്നു. ഇററലിയുടെ അവസാനം പോലെത്തന്നെയാണു ജാപ്പാന്റെ അവസാനവും ഉണ്ടാവുകയെന്നു സംശയിപ്പാനില്ല. ഐക്യകക്ഷി സൈന്യങ്ങൾ അനവധി ദിക്കിൽനിന്നു കൂടി ജാപ്പാനെ നാമാവശേഷമാക്കുന്നതായിരിക്കും.

**ഹിററ്ലറുടെ കോട്ടകൾ**

ഐക്യകക്ഷി സൈന്യങ്ങൾ ഹിററ്ലറുടെ യൂറോപ്യൻ കോട്ടകൾ നേരെയുള്ളാക്രമണം സപ്തെമ്പർ 3-ാം തിയ്യതി മുതല്ക്കു ആരംഭിച്ചിരിക്കുന്നു. യുദ്ധം തുടങ്ങി അഞ്ചാമത്തെ വൎഷാരംഭത്തെ കുറിക്കുന്ന ഒരു വിശേഷ സംഭവമാണിതു്. ഐക്യകക്ഷിസൈന്യങ്ങൾ, വിശേഷിച്ചും ബ്രിട്ടീഷ എട്ടാം സൈന്യം, ഇററലിയുടെ തെക്കെ തലക്കൽ ഉള്ള കലേബ്രിയായെന്ന ഒരു സംസ്ഥാനത്തിൽ റെജ്ജിയൊ എന്ന തുറമുഖത്താണു് ചെന്നിറങ്ങിയതു്. ഒരു സ്ഥലത്തല്ലാ, പലേ സ്ഥലങ്ങളിലും ചെന്നിറങ്ങി. ഇറങ്ങുന്നതിന്നു മുമ്പു് വിമാനസൈന്യങ്ങളും, കടൽപടയും അതിഭയങ്കരമായ പീരങ്കിപ്രയോഗം കൊണ്ടു ഇറങ്ങുന്നവൎക്കു വഴി തെളിയിച്ചു. ഐക്യകക്ഷിസൈന്യങ്ങൾ ചെന്നിറങ്ങിയതിന്നുശേഷം ഇന്നേവരേക്കും സുമാറു് അയ്മ്പതോളം നാഴിക വടക്കോട്ടു കടന്നിരിക്കുന്നു. സൈന്യത്തിന്റെ ഒരു ഭാഗം കടലോരം വഴിയായി വടക്കോട്ടും മറെറാരു ഭാഗം കിഴക്കോട്ടേക്കുമാണു് യാത്രയായതു്. ജൎമ്മൻ സൈന്യത്തിന്റെ അതിഗംഭീരമായ എതൃപ്പുണ്ടു്. ഇററലിക്കാരുടെ സൈന്യവും

ഇല്ലെന്നില്ല. പക്ഷേ മുസ്സോളിനി വമ്പുപറഞ്ഞിരുന്ന 80 ലക്ഷം സൈന്യമെല്ലാം മിക്കതും ചിന്നിച്ചിതറിയിരിക്കുന്നു. ഇററലിയിലെ എതിൎപ്പു മിക്കതും ജൎമ്മൻ സൈന്യത്തിൻേറതു തന്നെയാണു്.

**നേതാക്കന്മാരുടെ കൂടിക്കാഴ്ച**

മി. ചൎച്ചിലും മി. റൂസ്‌വെൽട്ടും അമേരിക്കയിൽ വാഷിങ്ങ്ടൺ നഗരിയിൽവെച്ചു കൂടിക്കാഴ്ച കഴിച്ചുകൊണ്ടുതന്നെയിരിക്കയാണു്. ഇത്ര സുദീൎഘമായ കൂടിക്കാഴ്ച വളരെ അൎത്ഥഗൎഭമായിരിക്കുന്നു. മി. ചൎച്ചിൽ ആഗസ്റ്റ് 10-ാം തിയ്യതി മുതല്ക്കു അമേരിക്കയിൽ തന്നെയാണു്. ഇനിയും ബ്രിട്ടനിലേക്കു മടങ്ങേണ്ട വട്ടമൊന്നും കാണുന്നില്ല. എന്തോ അതിഗൌരവമായ ചില സംഭവങ്ങളെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതുപോലെ തോന്നുന്നു. അദ്ദേഹം അവിടെ എത്തിയതിന്നുശേഷമാണു് ഇററലിയുടെ നേരെയുള്ളാക്രമണം ആരംഭിച്ചതു്. ഇതു മാത്രമല്ലാ ഇതിലും വലുതായ ഒരു തീൎപ്പിൻെറ സ്വരൂപം അടുത്തു് പ്രത്യക്ഷമാകുംപോലെയിരിക്കുന്നു.

**സോവിയററ് സൈന്യം**

സോവിയററ് സൈന്യം ഇത്തവണ ആദ്യമായി നടത്തുന്ന വേനൽക്കാലാക്രമണസമരം അതിഗംഭീരമായ നിലയിലെത്തിയിരിക്കുന്നു. ഇന്നത്തെ റഷ്യൻ രംഗം 660 നാഴിക നിളത്തിലാണു് കിടക്കുന്നതു്. ഇക്കുറിയത്തെ വേനൽക്കാലസമരം ആരംഭിച്ചതിന്നുശേഷം നാലു ലക്ഷം ജൎമ്മൻ സൈന്യം നശിച്ചുവെന്നാണറിയുന്നതു്. റഷ്യയുടെ ഏററവും വലിയ കല്ക്കരി പ്രദേശമായ (ഡോണെററ്സ് നദീ താഴ്‌വര) ഡോൺബാസിൽനിന്നു ജൎമ്മൻകാർ മിക്കതും ഒഴിഞ്ഞു. ആ പ്രദേശത്തെ ഒരു പ്രധാന നഗരിയാണു് സ്റ്റാളിനോ. റഷ്യൻ സൈന്യങ്ങൾ ഇതിൻെറ അധികൈവശത്തിയിരിക്കുന്നു. വടക്കൻ യൂക്രൈനിൽ തന്നെ മറെറാരു സ്ഥലം, കോണോട്ടോപ്പ് നഗരി, പിടിച്ചു് തലസ്ഥാനനഗരിയായ കീവിലേക്കാണു് റഷ്യൻ സൈന്യം കുതിക്കുന്നതു്. രണ്ടു റഷ്യൻ സൈന്യങ്ങൾ സ്മോളൻസ്ക് നഗരിയുടെ നേരേയും ചെല്ലുന്നുണ്ടു്. സ്മോളൻസ്ക് ജൎമ്മൻ സൈന്യത്തിൻെറ കേന്ദ്രമാണു്.

---

# ഐക്യകക്ഷികളുടെ പ്രഹരത്തിൻെറ ചൂടു് മുഴുവൻ ഇന്ത്യയിൽനിന്നാണുണ്ടാകുന്നതു

## ഇന്ത്യയിൽ യുദ്ധസാമാനങ്ങളുടെ നിൎമ്മാണം വൎദ്ധിച്ചുവരുന്നു

ഐക്യകക്ഷികൾക്കു വടക്കൻ ആഫ്രിക്കയിലുണ്ടായ വിജയത്തിൽ ഇന്ത്യ എത്രകണ്ടു് സഹായിച്ചിട്ടുണ്ടെന്നു് അറിവാൻ ഇന്ത്യയിൽനിന്നുപോയ ആളുകളുടെയും യുദ്ധസാമാനങ്ങളുടെയും സംഖ്യയൊന്നു നോക്കിയാൽ മതി. ഈ സഹായം കൊണ്ടു തീൎച്ചയാക്കാം ഐക്യകക്ഷികൾ യുദ്ധത്തിൽ അന്യോന്യം സഹകരിക്കാമെന്നു ചെയ്തിട്ടുള്ള കരാറിനെ എത്ര ആത്മാൎത്ഥതയോടുകൂടിയാണു് അവർ നിറവേററുന്നതെന്നു്.

യുദ്ധസാമാനങ്ങൾ ഉണ്ടാക്കേണ്ടതിന്നു ഏൎപ്പാടു ചെയ്യുവയാണു് ഇപ്പോഴുള്ള അനവധി വ്യവസായശാലകളെങ്കിൽകൂടി അവയെ യുദ്ധമില്ലാത്തകാലത്തു പൊതുജനസുഖോപകരണങ്ങളുടെ നിൎമ്മാണത്തിന്നു ഉപയോഗപ്രദമാക്കിത്തീൎക്കേണമെന്ന നിലക്കാണുണ്ടാക്കീട്ടുള്ളതു്. ഇതുകൊണ്ടറിഞ്ഞുകൂടെ നമുക്കുള്ള യന്ത്രബുദ്ധിയും കരകൌശലവും?

യുദ്ധകാലത്തു ഇന്ത്യയിൽ ഉണ്ടായ വ്യവസായാഭിവൃദ്ധിയുടെ രണ്ടു ചിത്രങ്ങളാണു് മേൽ ഉദ്ധരിച്ചിരിക്കുന്നതു്. ആദ്യത്തേതു് അമേരിക്കൻ യുദ്ധ ഡിപ്പാൎട്ടുമെണ്ടുകാരുടെയും രണ്ടാമത്തേതു് ഇന്നത്തെ ഇന്ത്യയിലെ വൈസ്രോയിയുടെയും അഭിപ്രായമാകുന്നു. ഇന്ത്യയിലുള്ള സൈന്യങ്ങളെയും ഇന്ത്യയിൽനിന്നു പുറത്തുപോയി ജോലി ചെയ്യുന്ന സൈന്യങ്ങളേയും കഴിയുന്നത്ര കോപ്പുകളോടുകൂടി പടയിലെക്കിറക്കുവാനും, മനുഷ്യനും, മൃഗത്തിന്നും, യന്ത്രത്തിന്നും വേണ്ടത്ര സൎവ്വോപകരണങ്ങളും ഉണ്ടാക്കുവാനുമാണു് ഇന്ത്യൻ വ്യവസായങ്ങളുടെ ഉദ്ദേശം.

യുദ്ധത്തിൻെറ ഗതി പണം കൊണ്ടളക്കുവാൻ സാധിക്കയില്ല. ലോകം മുഴുവൻ പടൎന്നു പിടിച്ചതായ ഒരു യുദ്ധം നടത്തുവാനായി ഐക്യകക്ഷികൾക്കു ആളും, ആയുധങ്ങളും, യന്ത്രങ്ങളും എത്രത്തോളം ഐക്യതയോടും ശക്തിയായും ഉപയോഗിക്കാമെങ്കിൽ അങ്ങിനെ ഉപയോഗിക്കേണ്ടതിന്നു് പൊതുവെ ഒരു പ്ലാൻ ഉണ്ടായിരിക്കണം. സൎവ്വ യുദ്ധോപകരണനിൎമ്മാണത്തിൻെറയും ഉദ്ദേശം അതിൻെറ വൎദ്ധനയാണു്. ഈ വൎദ്ധന പല്ലവിധേനയും ആയാൽ പോരാ. ഐക്യകക്ഷികൾ അടിക്കുന്ന അടിക്കു നല്ല ചൂടുണ്ടാക്കുന്ന നിലക്കായിരിക്കണം.

ഈ ഉദ്ദേശത്തോടുകൂടി ഇന്ത്യയിൽ ഉണ്ടായ വ്യവസായവൎദ്ധന മൂന്നു വഴിക്കാകുന്നു. ഒന്നാമതായി ഇപ്പോഴുള്ള നിവൃത്തിമാൎഗ്ഗങ്ങളെ പുഷ്ടിപ്പെടുത്തുകയും, രണ്ടാമതു പുതിയ യന്ത്രങ്ങൾ വിദേശങ്ങളിൽനിന്നു ഇന്ത്യയിലേക്കു കൊണ്ടു വരികയും, മൂന്നാമതു കൎമ്മകുശലന്മാരായ തൊഴിലാളികൾക്കു വേണ്ട അഭ്യാസം ഇന്ത്യയിൽ കൊടുപ്പാനുള്ള ഏൎപ്പാടു ചെയ്യുകയുമാണുണ്ടായിട്ടുള്ളതു്. ഈവക വൎദ്ധനകൾ കൊണ്ടു ഇന്ത്യയിലെ വ്യവസായബുദ്ധിക്കു വലുതായ ഉണൎച്ചയുണ്ടായിട്ടുണ്ടു്.


ഇതുകൊണ്ടു ഇന്ത്യക്കു എന്തെല്ലാം ഗുണങ്ങളാണുണ്ടാവാൻ പോകുന്നതെന്നു യുദ്ധാനന്തരം ഇന്ത്യയിലെ വ്യവസായികളുടെ പരിശ്രമത്തിനെ ആശ്രയിച്ചാണിരിക്കുക.

തൊഴിലാളികളുടെ കാൎയ്യത്തിലാണെങ്കിൽ അവൎക്കു പുതുതായ പലേ തൊഴിലുകളിലും ഏൎപ്പെടാമെന്നുള്ള സ്ഥിതിയായി. അച്ഛനും മുത്തച്ഛനും എന്തു തൊഴിലാണു് ചെയ്തതെങ്കിൽ അതുതന്നെ നമുക്കും ഗതിയെന്നുള്ള വിചാരം ഇനിമേലിൽ ആൎക്കും വേണ്ടാ. പുതുതായ തൊഴിലുകൾ ആയിരക്കണക്കായി ഇന്ത്യയിൽ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്നുവേണ്ട പരിശീലനവും ജനങ്ങൾക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു. ഒരേ ഒരു തൊഴിൽമാത്രം നോക്കിയിരുന്ന കമ്പനികളിൽ നാലോ അഞ്ചോ തൊഴിലുകളാണു് ഇപ്പോൾ നോക്കിവരുന്നതു്. യന്ത്രശാലകളുടെ കഥയിരിക്കട്ടെ; കുഗ്രാമങ്ങളിൽകൂടി സ്ത്രീകൾ കത്തിയും, മുളളും ചെരുപ്പും മററും ലക്ഷക്കണക്കായി ഉണ്ടാക്കുന്നു.

യുദ്ധത്തിന്നു് മുമ്പുണ്ടായിരുന്ന നിൎമ്മാണത്തിൽ മൂന്നിരട്ടിയാണു് ഇപ്പോൾ ഉണ്ടാക്കിവരുന്നതു്. എന്നാൽ വ്യവസായ നിൎമ്മാണത്തിൻെറ പുരോഗതി മുഴുവൻ ഗവൎമ്മെണ്ടു ചെലവിന്മേൽ വന്നു ചേൎന്നതല്ല. വൎത്തകന്മാരായവരുടെ സ്വന്ത ചെലവിന്മേലും അനവധി വ്യവസായങ്ങൾ തുടങ്ങിട്ടുണ്ടു്. ഇരുമ്പു വ്യവസായം 50 ശതമാനം കണ്ടും, തോൽ വ്യവസായവും, മരുന്നു് വ്യവസായവും യുദ്ധാനന്തരം വൎദ്ധിച്ചിരിക്കുന്നു. ഇന്ത്യൻ വ്യവസായത്തിൽ ഈവിധം ഒട്ടാകെത്തുകയിലുള്ള വൎദ്ധനമാത്രമല്ലാ ഉള്ളൂ. ഇന്ത്യയിൽ മുമ്പുണ്ടാക്കാത്തതായ അനവധി സാധനങ്ങൾ ഇപ്പോൾ ഇവിടെ ഉണ്ടാക്കിവരുന്നുണ്ടു്.

ഏററവും വലിയ പുരോഗതി വന്നിരിക്കുന്നതു് ഇന്ത്യയിലെ പട്ടു് വ്യവസായത്തിനാണു്. പാരച്ചൂട്ടുകൾ ഉണ്ടാക്കുവാൻ ഇന്ത്യയിലെ പട്ടു് ധാരാളം ഉപയോഗിക്കുന്നതിനാൽ ഇന്ത്യയിലെ പുരാതനമായ ഒരു വ്യവസായത്തിന്നു് പുരോഗതിയെ പ്രാപിക്കുവാൻ സാധിച്ചു. ഇതുപോലെതന്നെ മോട്ടോർ ടയർ ഉണ്ടാക്കുന്ന വ്യവസായത്തിന്നും വളരെ അഭിവൃദ്ധിക്കു വഴിയുണ്ടു്. ഇന്ത്യയിൽ റബ്ബർ ഉണ്ടാക്കലും അടുത്തകാലങ്ങളായി വളരെ വൎദ്ധിച്ചിരിക്കുന്നു.

ഇന്ത്യയിലെ തൊഴിലാളികൾക്കു പുതിയ തൊഴിലുകൾ സ്വീകരിപ്പാനും, അതിൽ കൎമ്മകുശലതയോടുകൂടി പ്രവൎത്തിയെടുപ്പാനും സാധിക്കുമെന്നു് നിസ്സംശയം പറയാം. ഇന്ത്യൻ വ്യവസായിയാകട്ടെ, പുതിയ വ്യവസായങ്ങളിൽ പ്രവേശിപ്പാനുള്ള പ്രാപ്തിയും ധാരാളം പ്രദൎശിപ്പിക്കുന്നുണ്ടു്. ജാപ്പാനെ ഐക്യകക്ഷികളുടെ ശക്തി വളഞ്ഞിട്ടുളളതിന്നു് മുറുക്കം കൂടുന്തോറും ഇന്ത്യയിൽ യുദ്ധോപകരണങ്ങളുടെ നിവൃത്തിമാൎഗ്ഗങ്ങളും വൎദ്ധിച്ചുവരുന്നു.




നിങ്ങൾ ഒരു ടിക്ക് ടിക്ക് ശബ്ദം കേൾക്കുന്നുണ്ടോ?

**പ്രത്യേകലേഖനം**

# ജർമ്മനിയിലെ സ്ഥിതി

## ഒരു വിപ്ലവം ആസന്നമായിരിക്കുന്നു

ഏതെങ്കിലും ഒരു രാഷ്ട്രം, താൻ പുരോഗതിയെ പ്രാപിച്ചു കൊണ്ടുവന്ന കൊടിക്കൂറയേതോ, അതിനെ കിഴ്പോട്ടിറക്കി പൂർണ്ണപരാജയത്തിൽനിന്നു രക്ഷപ്പെടുവാൻ, മറെറാരു കൊടിക്കൂറയെ ഉയർത്തുന്നുവോ, ആ രാഷ്ട്രം തൻെറ ജീവദശയിൽ അതിഗൌരവമായ ഒരു തീരുമാനം ചെയ്യുപോലെ കരുതേണമെന്നാണു് രാഷ്ട്രതത്വം. ഈ തീരുമാനത്തിൻെറ ഗൌരവത്തെക്കാൾ അധികമായ ഗൌരവം ഇനി മറെറാരു സംഗതിക്കു മാത്രമെയുള്ളു. അതു യുദ്ധത്തിനുമാത്രമാണു്. അത്ര ഗൌരവമുള്ള ഒരു കർമ്മമാണു് കൊടിക്കൂറമാററം. അതിനു വേറൊരു പേരു പറയാമെങ്കിൽ അതു വിപ്ലവം എന്നു പറയുന്നതാണു്. ഇങ്ങിനെ ഒരു വിപ്ലവം വരുത്തിക്കൂട്ടേണ്ടതിനുള്ള തീരുമാനം ജർമ്മൻകാർ ചെയ്തുകൊണ്ടുവരുന്നുണ്ടു്. ജർമ്മനിയിൽ അധികകാലമായി പ്രതീക്ഷിക്കാമായിരുന്ന വിപ്ലവം ആസന്നമായിരിക്കുന്നു. ഒരുപക്ഷെ ഇതിൻെറ ഫലമായിട്ടുള്ള അന്തഃഛിദ്രങ്ങളൊന്നും ഉണ്ടായിയെന്നു വരികയില്ല. ഒരുപക്ഷെ ഹിററ്ലർ വിപ്ലവത്തിനു ശേഷവും ജർമ്മനിയിൽ ചാൻസലർ തന്നെ ആയിയേക്കാം. ആയാളുടെ വക പ്രത്യേക പോലീസ്സും ഭരണസംപ്രദായങ്ങളുമെല്ലാം നിലനിന്നേക്കാം. ഇതെല്ലാം നിലനിന്നാലും ജർമ്മനിയിൽ വിപ്ലവം തടുക്കാവതല്ല.

എന്തുകൊണ്ടു്? റഷ്യൻ രംഗത്തിൽ ഒരുപക്ഷെ ജർമ്മനിക്കുണ്ടാവാനിടയുള്ള പരാജയം പൂർത്തിയായില്ലെന്നുവന്നാലും ജർമ്മനിയിൽ ഹിററ്ലർ ഉണ്ടാക്കീട്ടുള്ള നാഷ്നൽ സോഷ്യലിസ്റ്റ് കക്ഷിയുടെ പൂർണ്ണപരാജയം കുറിക്കാവുന്നതാണു്. ജർമ്മൻകാർ ഇനിയും ഈ കക്ഷിയോടു യോജിക്കുന്നപക്ഷം അവരുടെ പരാജയം പരിപൂർണ്ണമാവാനെ വഴിയുള്ളു. സജീവമായ ഒരു സമുദായത്തിനെ ചത്തുപോയതായ ഒരു തത്വത്തിനോടു ഒരിക്കലും കൂട്ടിക്കെട്ടുവാൻ സാദ്ധ്യമല്ല. അങ്ങിനെ കൂട്ടിക്കെട്ടിയാൽ സമുദായവും ചത്തുപോകുന്നതാണു്. പോരെങ്കിൽ, ഒരു വിപ്ലവം ഗാഢമായാലോചിച്ചു് നിയന്ത്രിക്കുന്നതാണെങ്കിൽ അതുതന്നെ യുദ്ധത്തിൽ ഒരു ശക്തിയായ രാഷ്ട്രത്തിൻെറ കൈവശം അതിശക്തിയായ ഒരായുധമാകുന്നു. എന്നാൽ, അതിനെ വേണ്ടപോലെ നിയന്ത്രിക്കാത്തപക്ഷം എത്ര ശക്തിയോടുകൂടിയ രാഷ്ട്രത്തിനെയും ശത്രുക്കളുടെ കാക്കൽ നിരായുധരായി, നിസ്സഹായികളായി വിടാതെയും കഴികയില്ല. ഇതു ജർമ്മൻകാർക്കറിയാം. കൊല്ലം 1918 ൽ അവർക്കുണ്ടായ അനുഭവം രണ്ടാമതു പറഞ്ഞപോലെയാണെന്നും അവർക്കറിയാം. അതിനാൽ നിയന്ത്രിച്ച ഒരു വിപ്ലവവും അവർ വരുത്തിക്കൂട്ടുവാനൊരുങ്ങീട്ടാണിരിക്കുന്നതു്.

എന്തിനാണു് ഈ സംഗതിയിൽ സംശയിക്കുന്നതു്? ഇന്നെത്തെ ജർമ്മനേയും കഴിഞ്ഞ കൊല്ലത്തെ ജർമ്മനേയും ഒരുപോലെയല്ലല്ലോ നാം കാണുന്നതു്. അവർ തമ്മിൽ ഒരു യുഗത്തിൻെറ വ്യത്യാസമുണ്ടു്. ഇതു ജർമ്മനിയിലുള്ള ആകാശവാണി പ്രസംഗങ്ങളിലെല്ലാം പ്രത്യക്ഷമായി പ്രകാശിക്കുന്നു. ജർമ്മൻ വർത്തമാനപത്രങ്ങളിലെല്ലാം പ്രത്യക്ഷമാകുന്നു. ജർമ്മനിയിലുള്ള പ്രസംഗങ്ങളുടെ റിപ്പോർട്ടുകളിൽ കാണുന്നു. ചുരുക്കിപ്പറയുന്നതായാൽ ഇന്നെത്തെ ഒരു ജർമ്മൻ കഴിഞ്ഞ കൊല്ലത്തെ ഒരു ജർമ്മനെ കാണുകയാണെങ്കിൽ തമ്മിൽ അറിയുക പോലും ചെയ്കയില്ല. നളമഹാരാജാവും, കാർക്കോടകൻ കടിച്ച ബാഹുകനും തമ്മിലുള്ള വ്യത്യാസമുണ്ടു് ഇവർ തമ്മിൽ. ഒരേ ഭാഷയും ഒരേ വാക്കുകളും തന്നേയാണു് അവർ ഉപയോഗിക്കുന്നതെങ്കിൽക്കൂടി അന്തർഭവിച്ചുകിടക്കുന്ന ശ്രുതിയും സംഗതിയുമെല്ലാം വേറെയായതിനാൽ രണ്ടു വ്യത്യാസപ്പെട്ട ഭാഷകളാണു് അവർ സംസാരിക്കുന്നതെന്നു തോന്നും. ആലോചനാശക്തിയുള്ള ഏതു ജർമ്മനും തനിക്കു വന്നുചേർന്നിട്ടുള്ള മനോഭാവത്തിൻെറ വ്യത്യാസം മനസ്സിലാവുന്നതുമാണു്. എന്നാൽ ഇതു് ജർമ്മനിക്കു് പ്രത്യേകമുള്ള ഒരു സംഗതിയല്ല. വിപ്ലവത്തിൻെറ ആരംഭകാലത്തെ കണ്ടറിഞ്ഞിട്ടുള്ള ഏതു ഹൃദയത്തിനും ഇതു് വിപ്ലവം ആസന്നമായ ഏതു രാഷ്ട്രത്തിലും നടക്കാവുന്ന സ്ഥിതിയാണെന്നും അറിയാം. ഒരു വിപ്ലവം രാഷ്ട്രത്തിലൊട്ടാകെ സംഭവിക്കുന്നതിനുമുമ്പു് അതു് ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ ഉത്ഭവിക്കുന്നു. ഓരോരുത്തരുടെയും സ്വരം, നടവടി, ദൃഷ്ടി മുതലായിട്ടുള്ളവയിൽക്കൂടി ഈ വിപ്ലവത്തിൻെറ ഛായ പുറപ്പെടുന്നതാണു്. അവരുടെ അന്തസ്സാരം മുഴുവൻ മാറുകയും ചെയ്തിരിക്കും. കൊടുങ്കാററിൻെറ ആരംഭത്തിലുള്ള ഒരു നിശ്ശബ്ദതയും രാഷ്ട്രത്തിൽ ഒട്ടാകെ ബാധിച്ചിരിക്കും. ആവശ്യമുള്ളപ്പോൾ ഈ കൊടുങ്കാററു ഉണ്ടാക്കി



സിസിലിയെ ഐക്യകക്ഷി സൈന്യങ്ങൾ ആക്രമിച്ചപ്പോൾ സൈന്യങ്ങളും യുദ്ധസാമാനങ്ങളും കരക്കു വരുന്നു

ത്തീക്കാമെന്നും അതിനെ നിയന്ത്രിക്കാമെന്നും കരുതിക്കൊണ്ടാണ് ജർമ്മൻകാർ ഇപ്പോൾ ഇരിക്കുന്നത്. നാം യുദ്ധം തുടങ്ങിയ കാലത്തും അതിനുമുമ്പും ശത്രുക്കളുടെ ബലാബലം അറിഞ്ഞില്ലെന്നപോലെ ഈ ഘട്ടത്തിൽ അവരുടെ ഈ സൂത്രവും നാം അറിഞ്ഞില്ലെന്നു വരരുത്. ഒരുപക്ഷെ ഹിററ്ലറുടെ കൈവശം സ്വകാര്യമായ ഒരായുധമുണ്ടെന്ന് പറഞ്ഞിട്ടുള്ളതുതന്നെ ഇതായിരിക്കാം. ഏതായാലും ഇതു സംഭവിക്കുന്നസമയം നാം വിഡ്ഢികളാകരുത്. യുദ്ധത്തിൽ തോലിവരുന്നുവെന്നുള്ള ഘട്ടം എത്തിയാൽ, ഈ കയ്യ് അവർ എടുത്തുകൂട്ടാതിരിക്കയില്ല. എന്നാൽ യുദ്ധത്തിൽ പരാജയം വന്നാലും സമാധാനത്തിൽ ഇവർ പിന്നേയും മെച്ചം കൊണ്ടുപോയേക്കാം. മോസ്കോ പിടിച്ച് റഷ്യയെ നമസ്കരിപ്പിച്ചുകളയാമെന്നുള്ള പ്ലാൻ തെററിപ്പോകുന്നതുവരെക്കും ഈ യുദ്ധത്തിൽ ഞങ്ങൾ ജയിച്ചുകൊള്ളാമെന്നു തന്നെയായിരുന്നു ജർമ്മനിയുടെ ധൈര്യം. അതുമുതല്ക്ക് ഇന്നേവരെയായി വന്ന ഓരോ പരാജയവും ജർമ്മനിയുടെ പ്ലാൻ മാററുവാൻ ഉപയോഗിച്ചിരിക്കുന്നു. ഇപ്പോൾ യുദ്ധത്തിൽ തോലി വരരുതെന്നുമാത്രമെ അവർക്കു വിചാരമുള്ളൂ. നാസിമതം ലോകത്തിൽ പ്രചരിപ്പിക്കേണമെന്നുള്ള ആഗ്രഹം അവർ വിട്ടുകഴിഞ്ഞ് ഒരു കൊല്ലമായി. ഇപ്പോൾ അവരുടെ രാജ്യത്തെ രക്ഷിക്കേണമെന്നുള്ള മുദ്രാവാക്യത്തിലാണ് യുദ്ധം. ജർമ്മൻസൈന്യം ലോകത്തിനെ വേണ്ടുവോളം മിരട്ടി. ഇനി ജർമ്മൻ ചാണക്യൻ ഇതിലധികം മിരട്ടാതിരിപ്പാൻ ഐക്യകക്ഷികൾ സൂക്ഷിക്കണം.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.